

**ORICE**
(Online Resource Initiatives of Collegiate Education)

# SRI C ACHUTHAMENON GOVERNMENT COLLEGE THRISSUR







# 50ാം വാർഷികാഘോഷം ഉദ്ഘാടനം

**2021 ഡിസംബർ 6**









ഉദ്ഘാടനം ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി
**ഡോ. ആർ. ബിന്ദു**

ORICE സ്റ്റുഡിയോയുടെ ഉദ്ഘാടനകർമ്മം
ബഹു. റവന്യു വകുപ്പ് മന്ത്രി **അഡ്വ. കെ. രാജൻ**

സൈക്കിൾ ചലഞ്ച് ഉദ്ഘാടനം
ബഹു. തൃശ്ശൂർ കോർപ്പറേഷൻ മേയർ
**ശ്രീ. എം. കെ. വർഗീസ്**

മാന്യരേ,

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിന്റെ ഹൃദയഭാഗത്ത് 1972 ഓഗസ്റ്റ് പതിനാലാം തിയതി ആരംഭിച്ച കലാലയമാണ് ശ്രീ സി അച്ചുത മേനോൻ ഗവൺമെന്റ് കോളേജ്. തൃശൂർ ട്രെയിനിംഗ് കോളേജ് കാമ്പസ്സിൽ ആരംഭിച്ച ഈ കലാലയം 1991 ൽ ഇപ്പോൾ സ്ഥിതിചെയ്യുന്ന കുട്ടനെല്ലൂരിലെ ഇരുപത്തിയഞ്ചേക്കർ സ്ഥലത്തെ വിശാലമായ ക്യാമ്പസിലേക്ക് മാറ്റുകയാണുണ്ടായത്. 1997 ൽ ശ്രീ സി അച്ചുതമേനോൻ ഗവൺമെന്റ് കോളേജ് തൃശൂർ എന്നു പുനർനാമകരണം ചെയ്ത ഈ കലാലയം ഈ വർഷം അൻപതാം വാർഷികം ആഘോഷിക്കുകയാണ്.

2012 ൽ ഇന്ത്യയിലെ ഏറ്റവും നല്ല കോളേജിനായി രാഷ്ട്രപതി സമ്മാനിച്ച ദേശീയ എൻ എസ് എസ് പുരസ്കാരമടക്കം ഒട്ടനവധി നേട്ടങ്ങൾ കലായത്തിന് സ്വന്തമാണ്. തൃശൂർ ജില്ലയിലെ വിദ്യാഭ്യാസ-സാമൂഹിക പുരോഗതിക്കു വലിയ സംഭാവനകൾ നൽകാൻ കഴിഞ്ഞിട്ടുള്ള കലാലയത്തിൽ കോമേഴ്സ്, ഹിസ്റ്ററി, ഇക്കണോമിക്സ് എന്നീ മൂന്ന് ഗവേഷണ വിഭാഗങ്ങളും അഞ്ചു ബിരുദാനന്തര ബിരുദ കോഴ്സുകളും ഒൻപത് ബിരുദ കോഴ്സുകളും ഉണ്ട്. 1400 ൽപ്പരം വിദ്യാർഥികൾ പഠിക്കുന്ന കോളേജിൽ 60 അധ്യാപകരും 25 അനധ്യാപകരും സേവനം അനുഷ്ഠിക്കുന്നു.

അൻപതാണ്ട് പൂർത്തിയാകുന്ന വേളയിൽ ഒരുവർഷം നീണ്ടുനിൽക്കുന്ന സുവർണ്ണജൂബിലി ആഘോഷപരിപാടികൾക്ക് 2021 ഡിസംബർ 6 നു തുടക്കം കുറിക്കുകയാണ്. കോളേജിന്റെ അക്കാദമികവും ഭൗതികവുമായ യശസ്സ് മുൻനിർത്തിയുള്ള ആഘോഷപരിപാടികളാണ് വിഭാവനം ചെയ്യുന്നത്.

ഒരു വർഷം നീണ്ടു നിൽക്കുന്ന സുവർണ്ണജൂബിലി ആഘോഷപരിപാടികളുടെ ഉദ്ഘാടനം 2021 ഡിസംബർ 6 ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി **ഡോ. ആർ. ബിന്ദു** നിർവ്വഹിക്കും. 2020-21 വർഷത്തെ പ്ലാൻ ഫണ്ടുപയോഗിച്ച് ആധുനിക സംവിധാനങ്ങളോടെ സജ്ജമാക്കിയ ORICE (Online Resource Initiatives of Collegiate Education) സ്റ്റുഡിയോയുടെ ഉദ്ഘാടനകർമ്മം ബഹു. റവന്യു വകുപ്പുമന്ത്രി **അഡ്വ. കെ. രാജൻ** നിർവഹിക്കുന്നു. സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അലുംമ്നി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കോളേജിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന സൈക്കിൾ ചലഞ്ചിന്റെ ഉദ്ഘാടനം ബഹു. തൃശ്ശൂർ കോർപ്പറേഷൻ മേയർ **ശ്രീ. എം.കെ. വർഗീസ്** നിർവഹിക്കുന്നു.

തദവസരത്തിൽ നമ്മുടെ കോളേജിനെ സ്നേഹിക്കുന്ന ഏവരുടേയും സാന്നിദ്ധ്യ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

| | |
|---|---|
| **ശ്രീമതി ശ്യാമള വേണുഗോപാൽ**<br>ചെയർപേഴ്സൺ | **ഡോ. പി.എസ്. മനോജ്കുമാർ**<br>ജനറൽ കൺവീനർ |

(സംഘാടക സമിതി)



# കാര്യപരിപാടി

**വേദി : കോളേജ് ഓഡിറ്റോറിയം**
**സമയം : രാവിലെ 11.00**

| | | |
|---|---|---|
| സ്വാഗതം | : | **ഡോ. ആർ. രമ്യ** (പ്രിൻസിപ്പാൾ) |
| അദ്ധ്യക്ഷൻ | : | **ശ്രീ. പി. ബാലചന്ദ്രൻ**<br>(ബഹു. എംഎൽഎ, തൃശൂർ) |
| സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം | : | **ഡോ. ആർ. ബിന്ദു**<br>(ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| ORICE സ്റ്റുഡിയോയുടെ ഉദ്ഘാടനം | : | **അഡ്വ. കെ. രാജൻ**<br>(ബഹു. റവന്യു വകുപ്പുമന്ത്രി) |
| സൈക്കിൾ ചലഞ്ചിന്റെ ഉദ്ഘാടനം | : | **ശ്രീ. എം.കെ. വർഗീസ്**<br>(ബഹു. മേയർ, തൃശൂർ കോർപ്പറേഷൻ) |
| ആശംസകൾ | : | **ശ്രീമതി ശ്യാമള വേണുഗോപാൽ**<br>(കൗൺസിലർ, 27-ാം ഡിവിഷൻ, തൃശൂർ കോർപ്പറേഷൻ) |
| | : | **ശ്രീ. ടി.കെ. രാഘവൻ**<br>(പിടിഎ വൈസ് പ്രസിഡന്റ്) |
| | : | **ശ്രീ. വർഗീസ് വാഴപ്പിള്ളി**<br>(അലുംമ്നി അസോസിയേഷൻ പ്രസിഡന്റ്) |
| നന്ദി | : | **ശ്രീ. എസ്.വി. രാജ്കുമാർ**<br>(കോമേഴ്സ് വിഭാഗം മേധാവി) |